# ഓൺലൈൻ സർവ്വീസുകളുടെ അക്കൗണ്ടുകൾ ഡിലീറ്റ് ചെയ്യാൻ..?

AccountKiller എന്ന സർവ്വീസ് ഉപയോഗിച്ച് അഞ്ഞൂറിലേറെ ഓൺലൈൻ സർവ്വീസുകളുടെ അക്കൗണ്ടുകൾ ഡിലീറ്റ് ചെയ്യാനാവും. അത് ഫേസ്ബുക്ക്, ഗൂഗിൾ, തുടങ്ങി പലരും കേട്ടിട്ടില്ലാത്ത സൈറ്റുകൾ വരെ നീളുന്നു.
ഈ സർവ്വീസ് തുറക്കുമ്പോൾ ആദ്യ പേജിൽ പ്രമുഖ സർവ്വീസുകൾ ലിസ്റ്റ് ചെയ്തിരിക്കും. അതിലെ സെർച്ച് ഒപ്ഷൻ ഉപയോഗിച്ച് സർവ്വീസുകൾ കണ്ടുപിടിക്കാം. സൈറ്റിൽ ഒരു കളർ സ്കീം ഉപയോഗിച്ച് എത്രയെളുപ്പത്തിൽ അക്കൗണ്ട് ഡെലീറ്റ് ചെയ്യാമെന്ന് സൂചിപ്പിക്കുന്നു. ബ്ലാക്ക്, ഗ്രേ, വൈറ്റ് എന്നിവയാണിവ. ബ്ലാക്ക് സൈറ്റുകൾ അക്കൗണ്ട് ഡെലീറ്റ് ചെയ്യാൻ സാധിക്കാത്തവയാണ്.
വൈറ്റ് എളുപ്പത്തിൽ ഡെലീറ്റ് ചെയ്യാവുന്ന അക്കൗണ്ടുകൾ ഉള്ളവയാണ്. ഫേസ് ബുക്ക് ഈ ലിസ്റ്റിലാണ് ഉള്ളത്.
ഗ്രേ അല്പം മെനക്കെട്ടാൽ ഡെലീറ്റ് ചെയ്യാവുന്നവയാണ്. സ്പോട്ടിഫൈയൊക്കെ ഇതിൽ പെടുന്നു.
പരീക്ഷണാർത്ഥം പുതിയ സൈറ്റുകൾ കാണുന്നവയിൽ അക്കൗണ്ട് എടുത്ത് തലവേദനയായവർക്ക് ഉപകാരപ്രദമായ എന്നാണ് AccountKiller.

http://www.accountkiller.com/en/




prepared by sunil george ,ghs muttom blog